ചെയ്യാൻ കഴിയുകയുള്ളു. അവരുമായി രണ്ടുകൊല്ലമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ 15,000 ടൺ റബ്ബറൈസ്ഡ് ബിറ്റുമിൻ ഇത്തവണ ഉൽപ്പാദിപ്പിച്ചു തരാമെന്നു പറഞ്ഞിട്ടുണ്ട്. അങ്ങനെ ഉൽപ്പാദിപ്പിച്ചുതന്ന റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് കോട്ടയത്ത് ആ വർക്ക് ചെയ്തത്. ടാറിന്റെ കാര്യത്തിൽ കുറച്ച് പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. ഇപ്പോൾ കിട്ടുന്ന ക്രൂഡ് വേസ്റ്റ് തീരെ കുറവാണ്. ടാറിന്റെ ഉൽപ്പാദനം ഇന്ത്യയിലാകെ നാലിലൊന്നായി കുറഞ്ഞിരിക്കുകയാണ്. അതിനൊരു മാറ്റം വരുത്താൻ അഖിലേന്ത്യാടിസ്ഥാനത്തിൽ തന്നെ ഒരു ചർച്ച ഡൽഹിയിൽ വച്ച് നടത്തിയതിന്റെ ഫലമായി അടുത്തമാസം മുതൽ സ്ഥിതി മെച്ചപ്പെടും എന്നാണ് പറയുന്നത്. പഴയ രീതിയിൽ കൂടുതൽ വേസ്റ്റ് വരുന്ന ടൈപ്പ് ക്രൂഡാണ് കിട്ടേണ്ടത്. ഇപ്പോൾ 15,000 ടൺ ടാർ മൊത്തത്തിൽ കുറവായതുകൊണ്ട് അൽപ്പം മന്ദീഭവിച്ചിട്ടുണ്ട്. കേരളത്തെ സംബന്ധിച്ച് മഴ കൂടുതലുള്ളതുകൊണ്ട് റബ്ബറൈസ്ഡ് ചെയ്യുന്നതുകൊണ്ട് ഒട്ടേറെ ബെനിഫിറ്റ്സ് ഉണ്ട്. 20 ശതമാനം കോസ്റ്റ് കൂടുകയേയുള്ളൂ. എന്നാൽ റോഡിന്റെ ലൈഫ് ഇരട്ടിയായി വർദ്ധിക്കുകയും ചെയ്യും. ഇതിനുള്ള മെച്ചം അന്തരീക്ഷത്തിലെ താപവ്യതിയാനം റബ്ബറൈസ്ഡ് ബിറ്റുമിനെ കാര്യമായി ബാധിക്കുന്നില്ല. ഉയർന്ന ഊഷ്മാവിൽ റോഡിന്റെ ഉപരിതലം ഉരുകുന്നതും താഴ്ന്ന ഊഷ്മാവിൽ ഉപരിതലം പൊട്ടിപ്പൊളിയുന്നതും ഇത് തടയുന്നു. റബ്ബറൈസ്ഡ് ബിറ്റുമിന് skid resistance ഉണ്ട്, തെന്നലുണ്ടാവുകയില്ല. റോഡിന്റെ വിരിപ്പ് കൂടുതലായി വർദ്ധിക്കുന്നു. റോഡ് പൊട്ടിപ്പൊളിയുന്നതും കട്ടിപിടിക്കുന്നതും കുറയുന്നു. പലഭാഗത്തും ടാർ കട്ടിപിടിക്കുന്നതെല്ലാം റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാൽ തടയാൻ കഴിയും. റോഡിന്റെ കണ്ടീഷൻ മെച്ചപ്പെടുന്നതുകൊണ്ട് വാഹനങ്ങളുടെ ഇന്ധനകാര്യക്ഷമത വർദ്ധിക്കുന്നു. ഈ കാരണങ്ങൾകൊണ്ട് കേരളത്തിലെ മുഴുവൻ റോഡുകളും ഘട്ടംഘട്ടമായി റബ്ബറൈസ്ഡ് ചെയ്യുക എന്ന ഒരു സമീപനമാണ് ഗവൺമെന്റ് എടുക്കുന്നത്. ഇത് റോഡിന്റെ ലൈഫ് ഇരട്ടിയാക്കാൻ സഹായിക്കും. ഒരു ചെറിയ പരിധിവരെ റബ്ബർ കർഷകർക്കും സഹായകരമായിരിക്കും.

(12) ഹോട്ടലുകളിലേയും വ്യാപാരസ്ഥാപനങ്ങളിലേയും തൊഴിലാളികൾക്ക് ക്ഷേമനിധി

ശ്രീ. എളമരം കരീം : സർ, സംസ്ഥാനത്തെ ഹോട്ടലുകളിലും വ്യാപാര സ്ഥാപനങ്ങളിലും ജോലിചെയ്യുന്ന ലക്ഷക്കണക്കിനുവരുന്ന തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തണമെന്ന് വളരെക്കാലമായി ആവശ്യപ്പെട്ടുവരികയാണ്. 1998-99 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതായി സഭയിൽ പ്രഖ്യാപിക്കുകയുണ്ടായി. എന്നാൽ ഇന്നുവരെ അതിനുള്ള നിയമനിർമ്മാണം പ്രസിദ്ധീകരിച്ചിട്ടില്ല. ഈ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനത്തിലെ വ്യാപാരികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ട്. ആ തൊഴിലാളികൾക്ക് Shops & Commercial Establishment Act ബാധകമാണ്. തൊഴിലാളികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള മിനിമം കൂലിപോലും ലഭിക്കാത്തവരാണ് വ്യാപാര സ്ഥാപനങ്ങളിലെ മഹാ ഭൂരിപക്ഷവും. ജോലിസമയം സംബന്ധിച്ച

LIBRARY ARCHIVES Kerala Legislative Assembly

വ്യവസ്ഥകളും പാലിക്കപ്പെടുന്നില്ല. വളരെ കഷ്ടപ്പെട്ട് ജോലിചെയ്യുന്ന അത്തരം തൊഴിലാളികളെ സംരക്ഷിക്കാനുള്ള ഏകപോംവഴി കോൺട്രിബ്യൂട്ടറി അടിസ്ഥാനത്തിലുള്ള ഒരു ക്ഷേമനിധി കൊണ്ടുവരൽ മാത്രമാണ്. അതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്നും നിയമനിർമ്മാണം നടത്താനുള്ള നടപടി കൈക്കൊള്ളണമെന്നും അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, കടകളിലും വാണിജ്യസ്ഥാപനങ്ങളിലുമായി ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ക്ഷേമനിധി രൂപീകരിക്കുന്നകാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇതിനുവേണ്ടി തയ്യാറാക്കിയ കരടുബിൽ നിയമവകുപ്പ് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. നിയമവകുപ്പിന്റെ പരിശോധന കഴിഞ്ഞാൽ ഉടൻ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. പ്രസ്തുത ക്ഷേമനിധിയുടെ പരിധിയിൽ ഹോട്ടൽ തൊഴിലാളികളും ഉൾപ്പെടുന്നതാണ്.

(13) കണ്ണൂർ ജില്ലയിലെ ദ്വീപുകളെ ബന്ധിപ്പിച്ചുകൊണ്ട് റഗുലേറ്റർ-കം-ബ്രിഡ്ജ് പണിയണമെന്ന ആവശ്യം

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ, കണ്ണൂർ ജില്ലയിലെ മലയോര മേഖലയ്ക്ക് അനുഗ്രഹമായി മാറാൻ സാധിക്കുന്ന ഒരു ബൃഹത്തായ പദ്ധതിയാണ് പൂഴിക്കടവ്-തേർലായി, തേർലായി-കോർളായി ദ്വീപുകളെ ഇരുകരകളുമായി ബന്ധിപ്പിക്കുന്ന റഗുലേറ്റർ-കം-ബ്രിഡ്ജ് പണിയുക എന്നുള്ളത്. കുറുമാത്തൂർ, ചങ്ങളായി, മയ്യിൽ, കുറ്റിയാട്ടൂർ, ശ്രീകണ്ഠപുരം ഉൾപ്പെടെയുള്ള മലയോര മേഖല ഉൾപ്പെട്ട പഞ്ചായത്തുകൾക്ക് ശുദ്ധജലം ലഭിക്കുന്നതിനുതകുന്ന ഒരു പദ്ധതിയാണ് ഉപ്പുവെള്ളം തടയുന്നതിനുള്ള ഈ ബൃഹത്തായ പദ്ധതി. കോർളായി-തേർളായി ദ്വീപുകളെല്ലാം ഇന്ന് ഒറ്റപ്പെട്ടു നിൽക്കുകയാണ്. വർഷങ്ങളായി ഈ ദ്വീപുകളിൽ പാലം വേണമെന്നാവശ്യപ്പെടുകയും പി. ഡബ്ല്യു. ഡി. രണ്ട് പാലങ്ങൾക്കു വേണ്ടിയും എ. എസ്. നൽകുകയും ചെയ്തിട്ടുള്ളതാണ്. പക്ഷേ അതൊന്നും പ്രാവർത്തിക മാക്കാൻ സാധിച്ചിട്ടില്ല. കേരളത്തിൽ പച്ചക്കറി കൃഷിചെയ്യുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രദേശം, സംസ്ഥാന അവാർഡു വാങ്ങിയിട്ടുള്ള കണ്ടക്കൈ ഹരിതസംഘം പ്രവർത്തിക്കുന്നത് ഈ നദിയുടെ കരയിലാണ്. പക്ഷേ നദിയിലെ ജലം ഉപ്പുള്ളതായതുകൊണ്ട് കൃഷിക്ക് അത് പൂർണമായും ഉപയോഗിക്കാൻ സാധിക്കുന്നില്ല. ഈ ദ്വീപുകളുടെ ഇരുകരകളും പരസ്പരം ബന്ധപ്പെടുത്തിയാൽ ഉപ്പുവെള്ളം കയറുന്നത് തടയാൻ സാധിക്കുമെന്ന് മാത്രമല്ല, ആയിരക്കണക്കിന് ഏക്കർ ഭൂമിയിൽ കൃഷി ഫലപ്രദമായ രീതിയിൽ നടത്താനും സാധിക്കുന്നതാണ്. ഈ രണ്ടു ദ്വീപുകളുടെയും ഇരുകരകളുമായി ബന്ധിപ്പിക്കുന്ന രീതിയിൽ ഗതാഗതയോഗ്യമാക്കേണ്ടതാണ്. കണ്ണൂർ ജില്ലാ വികസന സമിതി ഏകകണ്ഠമായി അതിന് പ്രമേയം പാസാക്കിയിട്ടുള്ളതാണ്. ഈ പദ്ധതി നബാർഡ് സ്കീമിൽ ഉൾപ്പെടുത്താൻ കഴിയുമെന്നതിനാൽ ഗവൺമെന്റിന് വലിയ സാമ്പത്തിക ബാദ്ധ്യതയുണ്ടാവുകയില്ലെന്നത് പരിഗണിച്ചുകൊണ്ട് വളരെ പെട്ടെന്നുതന്നെ ഈ പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി മുൻകൈ എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly